പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 260 — 26/02/2018-ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോർജ്ജ് എം.തോമസ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏതൊക്കെ വിഭാവനം ചെയ്ത രൂപത്തിൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) | കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സികളിൽ രാമനാട്ടുകര, ഓമശ്ശേരി, എടച്ചേരി, നൊച്ചാട് എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത രൂപത്തിൽ പ്രവർത്തനമാരംഭിച്ചു |
| ബി) | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയതായി എന്തൊക്കെ സേവനങ്ങളും സൗകര്യങ്ങളും ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും, ഇനി എന്തൊക്കെയാണ് ചെയ്യാൻ അവശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ; | ബി) | പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ ഒ.പി. സൗകര്യം ലഭ്യമാക്കും. രാവിലെ 9 മണി മുതൽ 4 മണി വരെ ലാബ് പ്രവർത്തിക്കും. വിഷാദ രോഗ ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ഇ.ഹെൽത്ത് പദ്ധതി എന്നിവ നടപ്പിലാക്കും. ഒരു ഡോക്ടർ, 2 സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| സി) | ഇത് പൂർണതോതിൽ എന്നാണ് പ്രവർത്തനമാരംഭിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ? | സി) | പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയായാൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ